(ഇ) കമ്പനി ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിനുള്ള അധികാരം ഡയറക്ടർ ബോർഡിനുള്ളതാണ്. ഉദ്യോഗ നിയമനത്തിനുള്ള രീതി ബോർഡ് രൂപീകരിക്കുന്നതാണ്. താൽക്കാലികമായി വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ഏതാനും ഉദ്യോഗസ്ഥൻമാരുടെ സേവനം ഈ കമ്പനി ആവശ്യപ്പെടുന്നതനുസരിച്ച് ഗവൺമെൻറ് വിട്ടുകൊടുത്തിട്ടുണ്ട്.

ടൈറാനിയം കോംപ്ലക്സ്

* 54. (221) ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈറാനിയം കോംപ്ലക്സിൻെറ സ്ഥാപനത്തിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണ്;

(ബി) തൽസംബന്ധമായ വിശദവിവരങ്ങൾ നൽകുമോ ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ) :

(എ, ബി) ഫാക്ടറിക്കുള്ള കെട്ടിടംപണി ഈ വർഷം ജൂൺ മാസത്തിൽ ആരംഭിക്കുന്നതിനുള്ള സത്വര നടപടികളും എടുത്തുവരികയാണ്.

## UNSTARRED QUESTIONS AND ANSWERS

പോലീസ് ലാത്തിച്ചാർജ്

30. [190] ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1969 ജനുവരി ഒന്നിനുശേഷം കേരളത്തിൽ എവിടെയെല്ലാം പോലീസ് ലാത്തിച്ചാർജ് നടന്നു ;

(ബി) ഓരോന്നിലും പരിക്കുപറ്റി ?

ഉത്തരം

(എ) & (ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചിട്ടി കോർപ്പറേഷൻ

31. [218] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിട്ടി കോർപ്പറേഷനിലേയ്ക്കു മറ്റു ഡിപ്പാർട്ടുമെൻറുകളിൽ നിന്നും ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതനുപാതത്തിൽ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനം നടത്തുന്നതു നിശ്ചിതമായ യാതൊരു അനുപാതത്തിലുമല്ല. കമ്പനി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥൻമാരുടെ സേവനം ഗവൺമെൻറ് വിട്ടുകൊടുക്കുകയാണു ചെയ്യാറുള്ളത്.

†Appendix II

LIBRARY ARCHIVES Kerala Legislative Assembly

## MESSAGE FROM THE GOVERNOR

**Mr. Speaker :** Order, order. I have received the following message from His Excellency the Governor.

9 A.M. "I am greatly pleased with your Motion of Thanks for the Address with which I opened the current session of the Legislative Assembly on January 9, 1970."

## ADJOURNMENT MOTION

### Proposed Strike by the Departmental Graduate Teachers

മി. സ്പീക്കർ : ഇന്നലെ ശ്രീ. പി. പി. ജാർജ്ജും ശ്രീ. കെ. ടി. ജോർജ്ജും തന്നിരുന്ന അടിയന്തിരപ്രമേയത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് മറുപടി പറയാം.

വിദ്യാഭ്യാസവും ആഭ്യന്തരവുംമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : ഡിപ്പാർട്ടുമെന്റൽ ഗ്രാഡുവേറ്റ് അദ്ധ്യാപകർ നടത്തിയ ഒരു പ്രകടനത്തെ സംബന്ധിച്ചും അവർ ഉന്നയിച്ച ആവശ്യങ്ങളെ സംബന്ധിച്ചും അവർ നടത്തുമെന്നു പറയുന്ന ഒരു പണിമുടക്കത്തെ സംബന്ധിച്ചും ഗവൺമെന്റിന്റെ ശ്രദ്ധ കൃഷ്ണിച്ചുകൊണ്ട് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ പി. പി. ജാർജ്ജും കെ. ടി. ജോർജ്ജും അവതരിപ്പിച്ച അടിയന്തിരപ്രമേയത്തെപ്പറ്റി ഏതാനും വാക്കുകൾ പറയാനാണ് ഞാൻ എഴുന്നേറ്റുനിൽക്കുന്നത്. ഡിപ്പാർട്ടുമെന്റൽ ഗ്രാഡ്യുവേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനമായ ആവശ്യം ഡയറക്ട് റിക്രൂട്ടുമെന്റ് നടത്താൻ വേണ്ടി ഉദ്ദേശിക്കുന്നത് നിറുത്തണമെന്നുള്ളതാണ്. വിദ്യാഭ്യാസവകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥൻമാരുടെ തസ്തികയിലേക്ക് മറ്റു അദ്ധ്യാപകരുടെയിടയിൽനിന്ന് പരീക്ഷ നടത്തിയിട്ട് കുറേപ്പേരെയെങ്കിലും ഓപ്പൺമാർക്കറ്റിൽ നിന്നും റിക്രൂട്ട് ചെയ്യണമെന്നുള്ള അഭിപ്രായം പൊതുവേ വന്നിട്ടുണ്ട്. പ്രശസ്തമായ വെള്ളോടി കമ്മിറ്റി എല്ലാ സൂപ്രവൈസറി പോസ്റ്റുകളിലേക്കും, എല്ലാ ഡിപ്പാർട്ടുമെന്റുകളിലേക്കും കുറെ ഉദ്യോഗസ്ഥൻമാരെ നേരിട്ട് റിക്രൂട്ട് ചെയ്യണമെന്നുള്ള അഭിപ്രായക്കാരാണ്. കേരളത്തിലെ വിദ്യാഭ്യാസോപദേശകസമിതി തന്നെയും ഹെഡ്മാസ്റ്റർമാരുടേയും, എ. ഇ. ഓ. മാരുടേയും, ഡി. ഇ. ഓ. മാരുടേയും തസ്തികകളിലേക്ക് നേരിട്ടു റിക്രൂട്ടുമെന്റ് ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ആധികാരിക രേഖയാണെന്നു കരുതപ്പെടുന്ന കോത്താരി കമ്മിഷൻ റിപ്പോർട്ടിൽ 75 ശതമാനം സൂപ്പർവൈസറി പോസ്റ്റുകളിലേക്കു നേരിട്ടുള്ള നിയമനം നടത്തണമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർ, അദ്ധ്യാപകർക്ക് മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടാണെങ്കിലും ഡയറക്ട് റിക്രൂട്ടുമെന്റ് വേണമെന്നുള്ള അഭിപ്രായക്കാരാണ്. ഡിപ്പാർട്ടുമെന്റൽ ഗ്രാഡ്യുവേറ്റ് ടീച്ചർമാർ അതു വേണ്ടെന്നുള്ള അഭിപ്രായക്കാരുമാണ്. അങ്ങനെ അഭിപ്രായവ്യത്യാസമുള്ള കാര്യമായതുകൊണ്ട് ആ കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതിനുമുൻപ് അതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ഗവൺമെന്റിനുചിന്തിക്കേണ്ടതുണ്ട്. ഇപ്പോഴും ഗവൺമെന്റ് അങ്ങനെയൊരു തീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല. പക്ഷേ ഡിപ്പാർട്ടുമെന്റൽ ഗ്രാഡുവേറ്റ് ടീച്ചർമാർ മാത്രമല്ല ഈ സംഗതിയിൽ വികാരമുള്ളവർ എന്നുള്ളതുകൊണ്ട് ഒരിക്കലും ഡയറക്ട് റിക്രൂട്ടുമെന്റ് ഏർപ്പെടുത്തുകയില്ലെന്നുള്ള ഖണ്ഡിതമായ ഉറപ്പു നൽകാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

# APPENDIX II

[ *Please see answer to Question No.* (**190**) ]

1. 20–1–1969–ൽ അഞ്ചൽ സെൻറ് ജോൺസ് കോളേജിലെ അക്രമാസക്തരായ വിദ്യാർത്ഥികളെ പിരിച്ചു വിടുന്നതിനു പോലീസ് ലാത്തി ച്ചാർജ് നടത്തി രണ്ട് (2) വിദ്യാർത്ഥികൾക്ക് പരിക്കുപറ്റി.

2. 27–2–1969–ൽ ഇടുക്കിയിലെ കുളമാവ് എന്ന സ്ഥലത്ത് ഡാം കോൺട്രാക്ടർ ശ്രീ. കുമാരൻ നായരുടെ വീടു വളഞ്ഞ അക്രമാസക്തരായ ജനക്കൂട്ടത്തെ പോലീസ് വിരട്ടി ഓടിച്ചു. 19 പേർക്ക് പരിക്കുപറ്റി.

3. കോട്ടയം ബസ്സേലിയോസ് കോളേജിലെ വിദ്യാർത്ഥികളെ 13–3–1969–ൽ പോലീസ് വിരട്ടി ഓടിച്ചു. ആർക്കും പരിക്കുപറ്റിയിട്ടില്ല.

4. 27–3–1969–ൽ ആലപ്പുഴ ഡിസ്ട്രിക്റ്റിൽ വീയപുരത്ത് അക്രമത്തിന് ഒരുമ്പെട്ട ജനക്കൂട്ടത്തെ ലാത്തീച്ചാർജ് ചെയ്തു പിരിച്ചുവിട്ടു. 34 പേർക്ക് പരിക്കുപറ്റി.

5. 18–4–1969–ൽ കോഴിക്കോട് സ്റ്റേഡിയം ഗ്രൗണ്ടിൽ ഫുഡ്ബാൾ മൽസരം കാണാൻ കൂടിയ ജനക്കൂട്ടം അക്രമാസക്തരാകുകയും അവരെ പോലീസ് വിരട്ടി ഓടിക്കുകയും ചെയ്തു. മൂന്ന് (3) പേർക്ക് പരിക്കുപറ്റി.

6. തിരുവല്ലയിൽ ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ നടത്തിയ സമരത്തിൽ പങ്കെടുത്തവർ 1–6–1969–ൽ ട്രാൻസ്പോർട്ട് മന്ത്രിയുടെ സന്ദർശനാവസരത്തിൽ സ്ഥലത്ത് ബഹളമുണ്ടാക്കാൻ ശ്രമിച്ചപ്പോൾ പോലീസ് വിരട്ടി ഓടിച്ചു. ആർക്കും പരിക്കുപറ്റിയില്ല.

7. കൊല്ലത്ത് ഫാത്തിമാ കോളേജിലെ അദ്ധ്യാപക സമരത്തിനു പിൻതുണ പ്രഖ്യാപിച്ചുകൊണ്ടു സമരം നടത്തി അക്രമം കാണിച്ച വിദ്യാർത്ഥികളെ പിരിച്ചു വിടുന്നതിനു പോലീസ് 31–7–1969–ൽ ചൂരൽ പ്രയോഗം നടത്തുകയുണ്ടായി. 13 പേർക്കു പരിക്കുപറ്റി.

8. 5–1–1969–ൽ കോഴിക്കോട് കളക്ട്രേറിനുള്ളിൽ തള്ളിക്കയറിയ യൂത്ത് കോൺഗ്രസ്സ് വാളൻറിയർമാരെ ലാത്തി ചുഴറ്റി വിരട്ടി ഓടിച്ചു. ആർക്കെങ്കിലും പരിക്കു പറ്റിയതായിട്ട് അറിവില്ല.

9. 4–9–1969–ൽ കൊരട്ടി (തൃശ്ശൂർ) ജെ. പി. കോട്സിലെ അക്രമാസക്തരായ തൊഴിലാളികളെ ലാത്തിച്ചാർജ് നടത്തി പിരിച്ചുവിട്ടു. അഞ്ച് (5) പേർക്കു പരിക്കു പറ്റി.

10. 22–9–1969–ൽ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ അരിമ്പൂർ എന്ന സ്ഥലത്ത് കോൺഗ്രസ്സ് എം. എൽ. എ. ദേവസിക്കുട്ടിയുടെ നേതൃത്വത്തിൽ അക്രമത്തിനൊരുങ്ങിയ തൊഴിലാളികളെ പോലീസ് വിരട്ടി ഓടിച്ചു. വീഴ്ചമൂലം ഒരാൾക്കു പരിക്കുപറ്റി.

11. ആലപ്പുഴ ഡിസ്ട്രിക്റ്റിൽ ചാത്തങ്കരി എന്ന സ്ഥലത്തു ഗവൺമെൻറ് വക ഭൂമിയിൽ അനധികൃതമായി നിർമ്മിച്ച കുടിലുകൾ പൊളിച്ചു കളയുന്നതിനെ തടസ്സപ്പെടുത്തിയ 500 മാർക്സിസ്റ്റ് പ്രവർത്തകരെ പോലീസ് വിരട്ടിയോടിച്ചു. മൂന്ന് (3) പേർക്ക് പരിക്കു പറ്റി.

12. 1–12–1969–ൽ അക്രമാസക്തരായ മാർക്സിസ്റ്റ് വാളൻറിയർമാരെ പിരിച്ചു വിടുന്നതിനു കോഴിക്കോട്ട് കളക്ട്രേറിനു മുമ്പിൽവച്ച്

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ലാത്തിച്ചാർജ് നടത്തി. 30 പേർക്ക് പരിക്കു പറ്റി. (ലാത്തിച്ചാർജ് മൂലം മുറിവേറ്റു എന്നു പരാതിപ്പെട്ട 132 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി പിന്നീടു റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

13. 1–12–1969–ൽ അക്രമാസക്തരായ മാർക്സിസ്റ്റ് വാളന്റിയറന്മാരെ പിരിച്ചു വിടുന്നതിനു പാലക്കാട് കളക്ട്രേറിനു മുമ്പിൽ നടത്തിയ ലാത്തിച്ചാർജിന്റെ ഫലമായി പതിനേഴ് (17) പേർക്ക് പരിക്കേറ്റു.

14. തൃശൂർ കളക്ട്രേറിനു മുമ്പിൽ മാർഗ്ഗതടസ്സമുണ്ടാക്കി പിക്കറ്റുചെയ്ത മാർക്സിസ്റ്റുകാരെ പിരിച്ചുവിടാൻ 1–12–1969–ൽ പോലീസ് ലാത്തിച്ചാർജ് നടത്തുകയും തൽഫലമായി 38 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

15. 1–12–1969–ൽ വൈയ്ക്കം താലൂക്ക് ആഫീസിനു മുൻപിൽ അക്രമം കാണിച്ച മാർക്സിസ്റ്റ് വാളന്റിയർമാരെ പോലീസ് ലാത്തിച്ചാർജു നടത്തി പിരിച്ചുവിട്ടു. തൽഫലമായി 44 പേർക്കു പരിക്കു പറ്റിയിട്ടുണ്ട്.

16. 1–12–1969–ൽ തിരുവനന്തപുരം സെക്രട്ടേറിയറ്റിനു മുമ്പിൽ മാർഗ്ഗതടസ്സം വരുത്തുകയും പോലീസിനെ കല്ലെറിയുകയും ചെയ്ത മാർക്സിസ്റ്റ് വാളന്റിയറൻമാരെ പോലീസ് വിരട്ടി ഓടിച്ചു.

17. 19–12–1969–ൽ ആലുവാ പ്രീമിയർ ടയേഴ്സിലെ തൊഴിലാളികളെ പോലീസ് വിരട്ടിയോടിച്ചു. ആറ് (6) പേർക്കു പരിക്കുപറ്റി.

18. കണ്ണൂർ ജില്ലയിൽ കണ്ണപുരത്ത് 17–12–1969–ൽ അക്രമം കാണിച്ച ജനക്കൂട്ടത്തെ പിരിച്ചു വിടാൻ പോലീസ് ലാത്തിച്ചാർജ് നടത്തുകയും രണ്ട് (2) പേർക്കു തൽഫലമായി പരിക്കേൽക്കുകയും ചെയ്തു.

———

LIBRARY ARCHIVES Kerala Legislative Assembly